മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 7

# വാർത്താക്കുറിപ്പ്

---

## അന്തർ സർവകലാശാലാ കലോത്സവം; എം.ജിക്ക് രണ്ടാം സ്ഥാനം

തിരുപ്പതി ശ്രീ പത്മാവതി മഹിള വിശ്വവിദ്യാലയത്തിൽ നടന്ന 36-ാമത് ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് രണ്ടാം സ്ഥാനം. 47 വിദ്യാർഥികളാണ് സർവകലാശാലയെ പ്രതിനിധീകരിച്ച് കലോത്സവത്തിൽ പങ്കെടുത്തത്.

ആറിനങ്ങളിൽ ഒന്നാം സ്ഥാനവും ഒരിനത്തിൽ രണ്ടാം സ്ഥാനവും മൂന്നിനങ്ങളിൽ മൂന്നാം സ്ഥാനവും ഉൾപ്പെടെ 36 പോയിൻറ് നേടി. കേരള സർവകലാശാലയാണ് ജേതാക്കൾ.

ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങൾ നേടിയവർ ഫെബ്രുവരി 24 മുതൽ ബംഗലൂരു ജെയ്ൻ സർവകലാശാലയിൽ നടക്കുന്ന അഖിലേന്ത്യാ അന്തർ സർവകലാശാല കലോത്സവത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.

സർവകലാശാലാ സ്റ്റുഡൻറ്സ് സർവീസ് ഡയറക്ടർ പ്രഫ. ഏബ്രഹാം കെ. സാമുവൽ, അസിസ്റ്റൻ്റ് പ്രഫസർ സി.ജി. മഞ്ജുഷ, ഡി.എസ്.എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പി.എം. ബാബു, സുജിൻ രാജ് എന്നിവർ സർവകലാശാലാ ടീമിൻറെ ഏകോപനം നിർവഹിച്ചു.

**ഫോട്ടോ ക്യാപ്ഷൻ:**
തിരുപ്പതി ശ്രീ പത്മാവതി മഹിള വിശ്വവിദ്യാലയത്തിൽ നടന്ന മുപ്പത്തിയാറാമത് ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവത്തിൽ രണ്ടാം സ്ഥാനം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലാ ടീം.

(പി.ആർ.ഒ./39/1824/2022)

## ജൂണിയർ റിസർച്ച് ഫെലോ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻ്റർനാഷണൽ ആൻ്റ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജിയിലെ പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

യോഗ്യത: ഫിസിക്സ്, കെമിസ്ട്രി, നാനോ സയൻസ്, നാനോ ടെക്നോളജി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ എം.എസ്സി. അല്ലെങ്കിൽ നാനോ സയൻസിലോ നാനോ ടെക്നോളജിയിലോ പോളിമെർ സയൻസിലോ എം.ടെക്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 13. വിശദ വിവരങ്ങൾ www.mgu.ac.in, iiucnn.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ.

(പി.ആർ.ഒ./39/1825/2022)

## ട്രെയിനിംഗ് പ്രോഗ്രാം തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്) ബട്ടർഫ്ളൈ ഫൗണ്ടേഷൻ ഫോർ ടി.സി.ഐയും സംയുക്തമായി തീം സെന്റേഡ് ഇന്ററാക്ഷൻ അഡ്വാൻസ്ഡ് ട്രെയിനിംഗ് പ്രോഗ്രാമിന് തുടക്കം കുറിച്ചു.

വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. ഡോ. സി. തോമസ് ഏബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. ഐ.യു.സി.ഡി.എസ് കോ ഓർഡിനേറ്റർ പി. ജെനിമോൾ, മേരി ഡെൻസി എന്നിവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ:**
മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്) ബട്ടർഫ്ളൈ ഫൗണ്ടേഷൻ ഫോർ ടി.സി.ഐയും സംയുക്തമായി ആരംഭിച്ച തീം സെന്റേഡ് ഇന്ററാക്ഷൻ അഡ്വാൻസ്ഡ് ട്രെയിനിംഗ് പ്രോഗ്രാം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1826/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി സി.ബി.സി.എസ് (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 13 ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1827/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**